# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1028 — 12/07/2016 -ൽ മറുപടിയ്ക്ക്

## കരിമ്പ് കൃഷി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | | ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) | കേരളത്തിൽ 2200ന് മേൽ ഹെക്ടറിൽ കൃഷി ചെയ്യുന്ന കരിമ്പു കൃഷിക്കാർക്ക് സൗജന്യ വളങ്ങളും സബ്സിഡികളും നൽകുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ; | എ) | ആലോചിച്ചിട്ടുണ്ട്. |
| ബി) | ചെങ്ങന്നൂർ താലൂക്കിൽ പാണ്ടനാട്, തിരുവൻവണ്ടൂർ പഞ്ചായത്തുകളിൽ കരിമ്പ് കൃഷിചെയ്യുന്ന കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട് |
| സി) | കരിമ്പ് കൃഷിയുടെ കൃഷി രീതികൾ, ആകെ കൃഷിചെയ്യുന്ന വ്യാപ്തി മുതലായ വിവിധ വിവരങ്ങൾ കൃഷി വെബ് സൈറ്റിൽ ഉൾപ്പെടുത്തിയി-ട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | സി) | നിലവിൽ സംസ്ഥാന കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ കരിമ്പ് കൃഷിയെക്കുറിച്ചുളള വിവരങ്ങൾ നാഷണൽ ഇ-ഗവർണൻസ് പ്ലാൻ അഗ്രികൾച്ചറൽ പോർട്ടലിൽ http//farmer.gov.in/cropsstatics sugarcane.aspx എന്ന ലിങ്കിൽ നല്കിയിട്ടുണ്ട്. |

സംസ്ഥാന കൃഷി വകുപ്പിന്റെ വെബ്സൈറ്റായ www.agriculture.gov.in -ന്റെ ഹോം പേജിൽ നിന്ന് ഫാർമേഴ്സ് പോർട്ടലിലേക്ക് ലിങ്ക് നല്കിയിട്ടുണ്ട്.

| | |
|---|---|
| ഡി) കരിമ്പ് കൃഷി സംബന്ധിച്ച വിവരങ്ങളും കൃഷിക്കാർക്ക് നൽകുന്ന സൗജന്യങ്ങളും സബ്സിഡികളും കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്താവുന്നതാണോ എന്നു വ്യക്തമാക്കാമോ? | ഡി) ഉൾപ്പെടുത്താവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**